# കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്

# (കേരള ഖരമാലിന്യ പരിപാലന പദ്ധതി)

## പാരിസ്ഥിതിക സാമൂഹിക മാനേജ്മെന്റ് ഫ്രെയിം വർക്ക് (ഇ.എസ്.എം.എഫ്)

## സംഗ്രഹം

### *A. പദ്ധതി അവലോകനം*

1. പ്രാദേശിക തലത്തിലും തിരഞ്ഞെടുത്ത നഗരപ്രദേശങ്ങളിലും (87 മുനിസിപ്പാലിറ്റികൾ) മാലിന്യ സംസ്കരണ സേവനങ്ങളുടെ സ്ഥാപന, സേവന വിതരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിന്നതിന് ലോകബാങ്കിന്റെസാമ്പത്തിക സഹായം വിനിയോഗിക്കാൻ കേരള സർക്കാർ ഉദ്ദേശിക്കുന്നു. കേരള ഖരമാലിന്യ പരിപാലന പദ്ധതി കെ.എസ്.ഡബ്ളിയു.എം.പി, (പി.16863) 2020 മുതൽ 2025 വരെയുള്ള കാലയളവിൽ നടപ്പിലാക്കുവാൻ വിഭാവം ചെയ്യുന്നു.

- **ഘടകം 1** : സ്ഥാപന വികസനം, ശേഷീ വികസനം, പ്രോജക്ട് മാനേ ജ്മെന്റ് പിന്തുണ : ഈ ഘടകത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിനും അർബൻ ലോക്കൽ ബോഡികൾക്കും സാങ്കേതിക സഹായം പരിശീലനം, അവബോധം, പ്രോജക്ട് മാനേജ്മെന്റ് സഹായം എന്നിവ ഉൾപ്പെടുന്നു.
- **ഘടകം 2** : മുനിസിപ്പാലിറ്റികൾക്ക് ധനസഹായ പിന്തുണ നൽകുക: പങ്കെടുക്കുന്ന മുനിസിപ്പാലിറ്റികൾക്ക് ് അവരുടെ ഖരമാലിന്യ പരിപാലന സംവിധാനങ്ങളും ശേഷികളും മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക ധനസഹായം പ്രാഥമികമായി (എ) പ്രാഥമിക മാലിന്യ ശേഖരണവും അവ കൊണ്ടുപോകുന്നതിനുള്ള സംവിധാനങ്ങളും (ബി) ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ വേർതിരിക്കലും ജൈവമാലിന്യങ്ങളുടെ ഉറവിട സംസ്കരണവും (വീടുകൾ, സ്ഥാപനങ്ങൾ, വിപണികൾ വാണിജ്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ) (സി)നിലവിലുള്ള മെറ്റീരിയൽ കളക്ഷൻ സെന്ററുകളുടെ പുനരധിവാസവും പുതിയ സംയോജിത മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികളുടെ വികസനവും (എം.ആർ.എഫ്) (ഡി) ജൈവമാലിന്യ/സംസ്കരണ നിർമ്മാർജ്ജന സൗകര്യങ്ങളുടെ വികസനം ഞ്ച നിലവിലുള്ള സൈറ്റുകളുടെ ഡമ്പ് നിർമ്മാർജനം/മാനേജ്മെന്റ് (എഫ്) കോവിഡ് 19 പ്രതിരോധത്തിനുള്ള പ്രവർത്തനങ്ങൾ
- ഘടകം 3 : പ്രാദേശിക തലത്തിൽ ഖരമാലിന്യങ്ങൾ, നിർമ്മാണവും പൊളിച്ചുമാറ്റലും മൂലം ഉണ്ടാകുന്ന (സി& ഡി മാലിന്യങ്ങൾ) ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവയുടെ സംസ്കരണം,

പുനരുപയോഗം എന്നിവക്കുള്ള സംവിധാനങ്ങൾ, ലെഗസി മാലിന്യ നിർമ്മാർജന സംവിധാനങ്ങൾ എന്നിവയുടെ വികസനം.

## *B. ബാധകമായ ബാങ്ക് നയങ്ങൾ*

ലോകബാങ്കിന്റെ ഇൻവെസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് ഫിനാൻസിംഗ് (ഐ.പി.എഫ്) എന്ന ധനസഹായ പദ്ധതിയാണ് കെ.എസ്.ഡബ്ളിയു.എം.പി.ക്കു ഉപയോഗിക്കുന്നത്. ആയതിനാൽ ബാങ്ക് പ്രവർത്തന നയങ്ങളും നടപടി ക്രമങ്ങളും ഈ പദ്ധതിക്ക് ബാധകമാണ്.

കേരള സംസ്ഥാനത്തിന്റെ വിവിധ പട്ടണങ്ങളിലും പ്രദേശങ്ങളിലും ഉപപദ്ധതികൾ നടപ്പാക്കും. എന്നാൽ നിർദ്ദിഷ്ട പ്രോജക്ട് നിക്ഷേപപ്രവർത്തനങ്ങളുടെ കൃത്യമായ സ്ഥാനങ്ങൾ ഈ ഘട്ടത്തിൽ അറിയില്ല.

വലിയ സാനിറ്ററി ലാൻഡ്ഫിൽ സംവിധാനങ്ങൾ പോലുള്ള പ്രാദേശിക/ക്ലസ്റ്റർ തലങ്ങളിലെ വലിയ പ്രോജക്ട് ഇടപെടലുകൾ കണക്കിലെടുക്കുമ്പോൾ, ലോകബാങ്കിന്റെ സുരക്ഷാ നയം ഒ.പി./ബി.പി 4.01 (പരിസ്ഥിതി വിലയിരുത്തൽ) അനുസരിച്ച് ഈ പദ്ധതി 'എ' വിഭാഗമാണെന്ന് നിർണയിക്കപ്പെട്ടിരിക്കുന്നു. എന്നാൽ മൊത്തത്തിലുള്ള പാരിസ്ഥിതിക അപകട സാധ്യത സുപ്രധാനമാണെന്ന് വിലയിരുത്തപ്പെടുന്നു. ലോക ബാങ്കിന്റെ സുരക്ഷാ നയം ഒ.പി. 4.01 (പരിസ്ഥിതി വിലയിരുത്തൽ) ബാധകമാകുന്നതിനാൽ ഉപപ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ഈ പദ്ധതിക്കായി ഒരു പാരിസ്ഥിതിക സാമൂഹിക മാനേജ്മെന്റ് ഫ്രെയിംവർക്ക് തയ്യാറാക്കേണ്ടത് ആവശ്യമാണ്.

സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്രം കണക്കിലെടുത്ത് മാലിന്യ സംസ്കരണ -നിർമ്മാർജ്ജന സംവിധാനങ്ങളും നിലവിലുള്ള മുനിസിപ്പൽ മാലിന്യ നിക്ഷേപ സ്ഥലങ്ങളും ഉൾപ്പെടെയുള്ള ചില പദ്ധതി പ്രവർത്തനങ്ങൾ സ്വാഭാവിക വാസസ്ഥ ലങ്ങൾക്ക് സമീപമായിരിക്കാൻ സാധ്യതയുണ്ട്. ഇവയുടെ മൊത്തത്തിലുള്ള പ്രഭാവം അനുകൂലമാണെങ്കിലും മുൻകരുതൽ നടപടിയായി ഒ.പി./ബി.പി 4.04(നാച്ചറൽ ഹാബിറ്റാറ്റ്സ്) ബാധകമാക്കി, പ്രകൃത്തിദത്ത ആവാസ വ്യവ സ്ഥയ്ക്ക് സമീപമുള്ള ഉപ പദ്ധതികൾ കൈകാര്യം ചെയ്യുന്നതിന് അനുയോജ്യ മായ സംവിധാനങ്ങൾ ആസൂത്രണം ചെയ്യുന്നതാണ്.

ഭൗതിക സാസ്കാരിക വിഭാഗങ്ങളിൽ നേരിട്ട് സ്വാധീനം ചെലുത്താനാകുന്നില്ല എങ്കിലും നിർമ്മാണം, ഡംപ്സൈറ്റ് മെച്ചപ്പെടുത്തൽ, ലാൻഡ്ഫിൽ വികസന പ്രവർത്തനങ്ങൾ എന്നിവയിൽ ഉൾപ്പെട്ട ഉത്ഖനന(കുഴിയെടുക്കൽ) പ്രവർത്തിക ളുടെ വേളകളിൽ അത്തരം ആഘാതാങ്ങൾ ഒഴിവാക്കാൻ കഴിയുന്നതല്ല. ആയതി നാൽ ഒ.പി./ബി.പി 4.11) ഫിസിക്കൽ കൾച്ചർ ബാധകമാകുന്നതാണ്.

ഈ പ്രോജക്ട് നടപ്പാക്കുമ്പോൾ ചിലരുടെ ജീവസന്ധാരണത്തെ ബാധിക്കുമെന്നതിനാൽ ബാങ്കിന്റെ സാമൂഹ്യ സുരക്ഷ പോളിസി (4.12) ബാധകമാകുന്നു.

ജനസംഖ്യയുടെ 0.3% മാത്രമാണ് ഗോത്ര വർഗ്ഗക്കാർ എങ്കിലും ബാങ്കിന്റെ പരമ്പരാഗത ജനതയ്ക്കുള്ള സുരക്ഷ പോളിസി (4.10) ബാധകമാകുന്നു.

നിർദ്ദിഷ്ട ഉപപദ്ധതികളുടെ ആഘാതം വിയിരുത്തുമ്പോൾ ചുവടെപ്പറയുന്ന നിയന്ത്രണങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലൂടെയും, അംഗീകൃതമായ ലഘൂകരണ നടപടികൾ സ്വീകരിക്കുന്നതിലൂടെയും പ്രതികൂലമായ ആഘാത കുറയ്ക്കുവാനോ, ഒഴിവാക്കാനോ കഴിയുമെന്ന് വ്യക്തമാക്കുന്നു. കൂടാതെ, നിർദ്ദിഷ്ട പദ്ധതിയിലൂടെ ഉണ്ടാകുന്ന ചില പ്രയോജനകരമായ പ്രഭാവങ്ങൾ വർദ്ധിപ്പിക്കുന്നതിനും് ധാരാളം സാധ്യതയുണ്ട്. കെ.എസ്.ഡബ്ല്യൂ.എം.പി പദ്ധതിക്കായി തയ്യാറാക്കിയ **ESMF** ഈ ആഘാതങ്ങൾ അംഗീകരിക്കുകയും നിർമ്മാണത്തിന് മുൻപോ, നിർമ്മാണ വേളയിലോ പരിപാലന വേളയിലൊ ആയവ വിലയിരുത്തുന്നതിനും, ലഘൂകരിക്കുന്നതിനും/കൈകാര്യം ചെയ്യുന്നതിനുമുള്ള നടപടികൾ സമന്വയിപ്പിക്കുന്നു.

## *C. പാരിസ്ഥിതിക സാമൂഹിക മാനേജ്മെന്റ് ഫ്രെയിം വർക്ക് (ESMF)*

കെ.എസ്.ഡബ്ളിയു.എം.പി പദ്ധതിക്കായി തയ്യാറാക്കിയിട്ടുള്ള ഈ ഫ്രെയിംവർക്കിൽ ഉപപദ്ധതികളുടെ പാരിസ്ഥിതികവും സാമൂഹികവുമായ പ്രത്യാഘാതങ്ങളെ മുൻകൂട്ടി കണ്ടെത്തുകയും ആസൂത്രണ വേളയിലും നിർമ്മാണത്തിനു മുൻപും, നിർമാണ വേളയിലും പരിപാലന ഘട്ടങ്ങളിലും പ്രത്യാഘാതങ്ങൾ വിലയിരുത്താനും അവ ഒഴിവാക്കുന്നതിനും ലഘൂകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള നടപടികൾ സമന്വയിപ്പിക്കുന്നു. താഴെപറയുന്ന കാര്യങ്ങൾ ഉറപ്പാക്കാൻ ഇ.എസ്.എം.എഫ് ലക്ഷ്യമിടുന്നു.

- പ്രോജക്ടിന്റെ തുടക്കത്തിൽ തന്നെ പ്രതികൂല പാരിസ്ഥിതിക സാമൂഹ്യ ആഘാതങ്ങൾ തിരിച്ചറിയുകയും, ഒഴിവാക്കുകയും അല്ലെങ്കിൽ ലഘൂകരിക്കുകയും വഴി ഉപ പദ്ധതികളുടെ എല്ലാ ഘട്ടങ്ങളിലും തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പാരിസ്ഥിതികവും സാമൂഹികവുമായ വശങ്ങൾ സംയോജിപ്പിക്കുക.
- തന്ത്രപ്രധാനമായ ആസൂത്രണം രൂപ കൽപ്പന, ഉപപദ്ധതികളുടെ നടപ്പാക്കൽ എന്നിവയിലൂടെ പാരിസ്ഥിതികവും സാമൂഹികവുമായ സുസ്ഥിര ഫലങ്ങൾ ഉറപ്പുവരുത്തൽ

- ശ്രദ്ധപൂർവ്വമായ ആസൂത്രണത്തിലൂടെയും സുരക്ഷാ രീതികളിലൂടെയും സാംസ്കാരിക പൈതൃക സ്വത്തുക്കൾപ്രകൃതി വാസ സ്ഥലങ്ങൾ മുതലായവയ്ക്കു പ്രത്യക്ഷമോ പരോക്ഷമായോ നേരിട്ടേക്കാവുന്ന പ്രത്യാഘാതങ്ങൾ ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യുക

ഈ പദ്ധതിക്കുള്ള **ESMF** രണ്ട് വാല്യങ്ങളായി അവതരിപ്പിച്ചിരിക്കുന്നു.

വാല്യം I : പാരിസ്ഥിതിക വിലയിരുത്തൽ

വാല്യം II: ഭാഗം എ: പരിസ്ഥിതി മാനേജ്മെന്റ് ഫ്രെയിംവർക്ക് (EMF)

ഭാഗം ബി: ഗോത്ര വികസന ഫ്രെയിംവർക്ക് - സാമൂഹിക മാനേജ്മെന്റ് ഫ്രെയിം വർക്ക് (TDF-SMF)

ഭാഗം സി: പുനരധിവാസ നയ ഫ്രെയിംവർക്ക് (FPR)

ഇടപെടലുളുടെ കൃത്യമായ പ്രോജക്ട് ലൊക്കേഷനുകൾ ഇതുവരെ അറിവായിട്ടി ല്ലാത്തതിനാൽ , വായ്പ എടുക്കുന്നവർ സബ് പ്രൊജക്റ്റുകളിൽ പാരിസ്ഥിതികവും സാമൂഹികവുമായ പരിഗണനകൾ സമന്വയിപ്പിക്കുന്നതിനും ഫലപ്രദമായ സുരക്ഷാ മാനേജ്മെന്റിനുമായി, ഒരു പരിസ്ഥിതി സാമൂഹിക മാനേജുമെന്റ് ഫ്രെയിംവർക്ക് (EMF, TDF-SMF, RPF എന്നിവ അടങ്ങിയ ESMF) തന്ത്രപരമായ പരിസ്ഥിതി വിലവിരുത്തൽ പ്രക്രിയയിലൂടെ തയ്യാറാക്കിയിട്ടുണ്ട്. ESMF -ൽ കേരള സംസ്ഥാ നത്തിന്റെ നിലവിലുള്ള പാരിസ്ഥിതികവും സാമൂഹികവുമായ സംവേദനക്ഷമത, നിർദ്ദിഷ്ട വികസനം മൂലമുണ്ടായേക്കാവുന്ന പ്രത്യാഘാതങ്ങൾ, നിലവിലുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങൾ, നിർദ്ദിഷ്ട സൗകര്യങ്ങളുടെ മെച്ച പ്പെട്ട പാരിസ്ഥിതികവും സാമൂഹികവുമായ ഫലങ്ങൾക്കുള്ള ഇടപെടലുകൾ, ലഘൂ കരണ ശ്രേണി എന്നിവ വിവരിക്കുന്നു. ഒഴിവാക്കലുകളിലൂടെയും സ്ക്രീനിംഗിലൂ ടെയും സെൻസിറ്റീവ് ഏരിയകളിൽ ദീർഘകാല പ്രതയാഘാതങ്ങൾ ഒഴിവാക്കുന്നു. പ്രകൃതിദത്ത ആവാസ വ്യവസ്ഥകൾക്കും ഭൗതിക സാംസ്കാരിക വിഭവ മാനേ ജ്മെന്റ് ചട്ടക്കൂടിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇ.എസ്.എംഎഫിൽ ഉൾപ്പെടുന്നു. സ്ക്രിനിംഗ്, വിലയിരുത്തൽ, ആസൂത്രണം, ലഘൂകരണ പടപടികൾ നടപ്പിലാക്കൽ, മേൽനോട്ടം, നിരീക്ഷണ സംവിധാനം, ഇ.എസ്.എം.എഫിൽ നടപ്പാക്കലിനും വെളി പ്പെടുത്തൽ ആവശ്വകതകൾക്കുമായുള്ള ബജറ്റ്, എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശം ESMF-ൽ നൽകുന്നു.

## *D. പാരിസ്ഥിതിക വിലയിരുത്തൽ*

കേരളത്തിന്റെ പാരിസ്ഥിതിക സവിശേഷതകൾ, ദേശീയ/സംസ്ഥാന നിയന്ത്രണ സംവിധാനങ്ങൾ പദ്ധതി നടത്തിപ്പിനുള്ള ശേഷി എന്നിവയ്ക്കുള്ള സ്ഥാപനപരമായ ശേഷി എന്നിവ സംബന്ധിച്ച അടിസ്ഥാന സാഹചര്യം മനസിലാക്കാൻ ഒരു വിശദമായ പഠനം നടത്തുകയുണ്ടായി.

ഖരമാലിന്യ പരിപാലന മേഖലയുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചും വിവിധ പ്രോജക്ട് പ്രവർത്തനങ്ങളിലൂടെ നേരിട്ടോ അല്ലാതെയോ ഉണ്ടായേക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ചും ഈ പഠനം ധാരണ നൽകി. ഇതിലൂടെ മാലിന്യ പരിപാലന പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നയപരമായ മാറ്റങ്ങൾ മനസ്സിലാക്കുവാനായി.

**പാരിസ്ഥിതിക സവിശേഷതകൾ**

കേരള സംസ്ഥാനം അതിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളിൽ സവിശേഷ മാണ് (പടിഞ്ഞാറൻ തീരപ്രദേശത്തെ താഴ്ന്ന പ്രദേശം വടക്ക്- തെക്ക് സമാന്തര എസ്റ്റേറ്ററികളും തണ്ണീർത്തടങ്ങളും, നദികളും കനാലുകളും മുറിച്ചുകടക്കുന്നു. കുത്തനെയുള്ള ചരിവ്, വനമേഖല, ജൈവവൈവിധ്യമുള്ള പശ്ചിമഘട്ടം കിഴക്ക് ഭാഗത്ത്), കാലാവസ്ഥാ സാഹചര്യങ്ങൾ (ചൂടുള്ള ഈർപ്പം, ഉയർന്ന മഴയുള്ള ഉഷ്ണമേഖലാ) പരിസ്ഥിതി സവിശേഷതകൾ, എന്നിവ ദുരന്ത സാധ്യതയുള്ളതാണ്. വികസനത്തിന്റെ വ്യാപനത്തോടുകൂടി ഗ്രാമീണ-നഗര തുടർച്ചാ സ്വഭാവമുള്ള സാമൂഹിക സാമ്പത്തിക സവിശേഷതകളും, വളരെ സാന്ദ്രമായ തീരദേശ പ്രദേശവും മിഡ്ലാന്റുകളും പൊതുസേവനങ്ങൾക്ക് ഉചിതമായ ഭൂമി ലഭ്യമല്ലാത്തതിന് കാരണമാകുന്നു. അതിനാൽ കേരളത്തിന് അനുയോജ്യമായ സുസ്ഥിര ഖരമാലിന്യ പരിപാലന സംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടതും ഇവ ആവിഷ്കരിക്കുന്നതിനും ആസൂത്രണം ചെയ്യുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സ്ഥാപന ശേഷി മെച്ചപ്പെടുത്തേണ്ടതും പ്രധാനമാണ്.

***നിലവിലുള്ള മാലിന്യ സംസ്കരണ രീതികൾ***മാലിന്യ സംസ്കരണം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി കേരളത്തിന് തീർച്ചയായും ഗുണകരമാണ്. മാലിന്യ സംസ്ക്കരണം ശാസ്ത്രീയമായി ചെയ്യാത്തതുമൂലമുള്ള പ്രശ്നങ്ങൾ ഇവിടുത്തെ നദികളെയും കാടുകളെയും പരിസ്ഥിതിയെയും ജനങ്ങളുടെ ആരോഗ്യത്തെയും ബാധിച്ച് തുടങ്ങി. പ്രത്യേകിച്ചും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ മാലിന്യങ്ങൾ സംസ്കരിക്കുവാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ അവസ്ഥക്ക് ഒരു പരിഹാരമാണ് ഈ പദ്ധതി.

നിർദ്ദിഷ്ട പ്രോജക്ട് ഇടപെടലുകൾ കാരണം വലിയ തോതിലുള്ള ഒഴിവാക്കാനാവാത്ത പ്രത്യാഘാതങ്ങളൊന്നും സാധ്യതയില്ല. പ്രകൃത ദത്ത

ആവാസ വ്യവസ്ഥകളെയും പരിസ്ഥിതി ലോല പ്രദേശങ്ങൾ ഗണ്യമായി പരിവർത്തനം ചെയ്യുന്നതിനോ പ്രതികൂലമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നതോ ആയ ഏതെങ്കിലും പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് പ്രോഗ്രാം ഒഴിവാക്കും. എന്നിരുന്നാലും നിർമ്മാണ ഘട്ടത്തിലും പ്രവർത്തന ഘട്ടങ്ങളിലും ചില പാരിസ്ഥിതിക ആഘാതങ്ങൾ ഉണ്ടാകും എന്ന് അനുമാനിക്കാം. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും സംയോജിപ്പിച്ച് ഈ പ്രത്യാഘാതങ്ങൾ ഒഴിവാക്കാനോ എളുപ്പത്തിൽ ലഘൂകരിക്കാനും കൈകാര്യം ചെയ്യാനും കഴിയും.

നല്ല രീതിയിലുള്ള പദ്ധതി നിർവ്വഹണത്തിന് ആസൂത്രണം ആവശ്യമാണ്. അതിനു പദ്ധതിയുടെ ആരംഭത്തിൽ തന്നെ ഓരോ നഗരവും ഖരമാലിന്യ സംസ്കരണ പദ്ധതി (സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്ലാൻ ) തയ്യാറാക്കും. അതിന്റെ അടിസ്ഥാനത്തിലാകും എല്ലാ പദ്ധതി പ്രവർത്തനങ്ങളും മെച്ചപ്പെട്ട ആസൂത്രത്തിലൂടെ പല ആഘാതങ്ങളും മുൻകൂട്ടി കണ്ടു ഒഴിവാക്കുവാൻ സാധിക്കും. ഇത് കൂടാതെ ഭാരത്തിലെയും കേരളത്തിലെയും പരിസ്ഥിതി സംരക്ഷണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമുള്ള വിവിധ നിയമങ്ങൾ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിക്കുക വഴി എല്ലാ ഘട്ടങ്ങളിലുമുള്ള അപകടസാധ്യതകളുംആഘാതങ്ങളും ഒഴിവാക്കുവാനും ലഘൂകരിക്കുവാനും കഴിയും.

വികേന്ദ്രീകൃത മാലിന്യ നിർമ്മാർജന സമീപനത്തിന് സംസ്ഥാനത്തിന് നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഉറവിടത്തിൽ മാലിന്യ സംസ്കരണത്തിനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ പ്രശംസനീയമാണ്. എന്നിരുന്നാലും, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നികത്തേണ്ടതുതന്നെയാണ്. കൂടാതെ ജനസംഖ്യയിലെ സ്വാഭാവിക വളർച്ചയ്‌ക്കൊപ്പം മാലിന്യത്തിന്റെ അളവ് കൂടുന്നതു കൊണ്ട് ആഘാതങ്ങളും പരിഹരിക്കേണ്ടതുമുണ്ട്.

## E. ***പാരിസ്ഥിതിക മാനേജ്മെന്റ് ഫ്രെയിംവർക്ക്***

### ***പദ്ധതിക്ക് ബാധകമായ പരിസ്ഥിതി നിയന്ത്രണങ്ങൾ***

ദേശീയ-സംസ്ഥാനതല പരിസ്ഥിതി, സാമൂഹിക നിയമങ്ങൾ ദേശീയ സംസ്ഥാന ചട്ടങ്ങൾ വിവിധ അന്താരാഷ്ട്ര ഉടമ്പടികൾ ലോക ബാങ്ക് പ്രവർത്തന നയങ്ങൾ എന്നിവ ബാധകമാകും എന്നിവ ഈ പദ്ധതിയിൽ പിരഗണിക്കേണ്ടതുണ്ട്. പരിസ്ഥിതി സംരക്ഷണ (പരിരക്ഷണം) നിയമം 1986 ഉൾപ്പെടെയുള്ള നിരവധി ദേശീയ, സംസ്ഥാനതല പരിസ്ഥിതി, സാമൂഹിക നിയമങ്ങൾ എന്നിവ


ബാധകമാകും . തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2019, വനം (സംരക്ഷണ) നിയമം 1980, വന്യജീവി സംരക്ഷണ നിയമം 1972 ജൈവവൈവിധ്യ നിയമം 2002, ജലം (മലിനീകരണം തടയൽ, നിയന്ത്രണം) നിയമം 1974, വായു (മലിനീകരണ നയന്ത്രണവും, നിയന്ത്രണവും) നിയമം 1981, ഖര മാലിന്യങ്ങൾ (കൈകാര്യം ചെയ്യലും കൈകാര്യം ചെയ്യലും) നിയമങ്ങൾ 2016, പ്ലാസ്റ്റിക് മാലിന്യ നിർമാർജന നിയമങ്ങൾ 2018, കൺസ്ട്രക്ഷൻ ആൻഡ് ഡെമോളിഷൻ വേസ്റ്റ് നിർമാർജന നിയമങ്ങൾ 2016  ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് നിയമങ്ങൾ 2016, തൊഴിൽ നിയമങ്ങൾ ഭൂമി ഏറ്റെടുക്കൽ, പുനരിധിവാസം, പുനരധിവാസ നിയമം  2013 ലെ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും അവകാശം, തെരുവ് കച്ചവടക്കാർ (ഉപജീവന പരിരക്ഷയും തെരുവ് കച്ചവട നിയന്ത്രണവും) നിയമം 2014 എന്നിവ അവയിൽ ചിലതാണ്.

ഈ പദ്ധതിക്ക് ലോക ബാങ്കിന്റെ ഇനിപ്പറയുന്ന നയങ്ങൾ ബാധകമാണ് എ) പാരിസ്ഥിതിക വിലയിരുത്തൽ (ഒപി/ബിപി4.01) ബി) പ്രകൃതി  വാസസ്ഥലങ്ങൾ (ഒപി/ബിപി 4.04) (സി) ഭൗതിക സാംസ്കാരിക വിഭങ്ങൾ (ഒപി /ബിപി 4.11) (ഡി) തദ്ദേശീയ ജനങ്ങളുടെ നയം (ഒപി /ബിപി 4.10) (ഈ) സ്വമേധയാ പുനരധിവാസം (ഒപി /ബിപി 4.12) തോക ബാങ്കിന്റെ ഡിസ്ക്ലോഷർ നയം. എല്ലാ പദ്ധതികൾക്കുമായി ലോക ബാങ്ക് ഗ്രൂപ്പ് (ഡബ്ല്യുബീജി) പരിസ്ഥിതി ആരോഗ്യ സുരക്ഷ (ഇഎച്ച്എസ്) മാർഗ്ഗനിർദ്ദേശങ്ങളും ഇ എസ്എംഎഫ് ശുപാർശ ചെയ്യുന്നു .

## ESMF പ്രക്രിയ

ഉപപദ്ധതികൾ ഉൾപ്പെടുത്താനുള്ള തീരുമാനം എങ്ങനെ എടുക്കണം എന്നതിനെ കുറിച്ച് ഈഎസ്എം എഫ് വിവരിക്കുന്നു.

നിർവചിക്കപ്പെട്ട മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി പദ്ധതികളെ വർഗ്ഗീകരിക്കാനും പൂർണ്ണമായ പാരിസ്ഥിതിക സാമൂഹിക പഠനം അല്ലെങ്കിൽ മാനേജ്മെന്റ് പ്ലാനുകൾ ഉപയോഗിച്ച് ഇവ നിയന്ത്രിക്കാനും ഇതിൽ വിശദമായി പറഞ്ഞിരിക്കുന്നു. പദ്ധതി നിർവഹണ സമയത്തു സ്ക്രീനിംഗ്, സ്കോപ്പിംഗ്, വിലയിരുത്തൽ, ലഘൂകരണ നടപടികൾ ഏറ്റെടുക്കുന്നതിനുള്ള പ്രക്രിയ, ബജറ്റ് എന്നിവയും ESMF ***ചിത്രം എ യിൽ*** വിവരിക്കുന്നു.




*ചിത്രം എ ESMF പ്രക്രിയ*

## *KSWMP യുടെ പരിസ്ഥിതി മാനേജ്മെന്റ്*

നിക്ഷേപത്തിന്റെ തരത്തെയും പ്രവർത്തനങ്ങളുടെ സ്വഭാവത്തെയും ആശ്രയിച്ച് നിർദ്ദിഷ്ട ഉപ പദ്ധതികൾ പരിസ്ഥിതിയിൽ വ്യത്യസ്തങ്ങളായ സ്വാധീനം ചെലുത്തും. ആഘാതം തിരിച്ചറിയുന്നതിനും / ലഘൂകരിക്കുന്നതിനുമായി പാരിസ്ഥിതിക പഠനം ആവശ്യമാണ്. ഈ പഠനത്തിന്റെ വ്യാപ്തി പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങളെയും അത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശം/സ്ഥലം / സൈറ്റ് എന്നിവയെ ആശ്രയിച്ചിരിക്കുന്നു. പ്രത്യാഘാതങ്ങൾ തിരിച്ചറിയുകയും അവ ഫലപ്രദമായി കൈകാര്യം ചെയ്യേണ്ടതും പ്രധാനമാണ്.

KSWMP പദ്ധതിയുടെ കീഴിൽ ഫലപ്രദമായ സ്ക്രീനിംഗ് സുഗമമാക്കുന്നതിന് ആഘാതങ്ങ ളുടെ കാഠിന്യവും വ്യാപ്തിയും (പ്രവൃത്തികളുടെ പ്രാദേശിക സ്വാ ഭവ വിശേഷണങ്ങളെ ആശ്രയിച്ച്). അനുസരിച്ച്അവർ സബ് പ്രോജക്ടിനെ ഇ1, ഇ2, ഇ3 എന്നിങ്ങനെ തരംതിരിക്കുന്നതാണ്.

ഇ1 പദ്ധതികൾക്ക് വിശദമായ ആഘാത പഠനം ആവശ്യമാണ്. കാര്യമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുവാൻ കാരണമായേക്കാവുന്ന പ്രോജക്ടുകളാണ് ഇ1 പ്രോജക്ടുകൾ. ദേശീയ തലത്തിൽ തീരദേശപരിപാലന ക്ലിയറൻസ് പരിസ്ഥിതി ക്ലിയറൻസ് എന്നിവ ആവശ്യമായേക്കാവുന്ന പദ്ധതികൾ ആണിവ, ഇ2 പദ്ധതികൾക്ക് ചുരുക്കത്തിലുള്ള പാരിസ്ഥിതിക ആഘാത പഠനം മതിയാകും. ഇ2 പ്രോജക്ടുകൾ ഇവയെക്കാൾ താരതമേന്യ പാരിസ്ഥിതിക ആഘാതങ്ങൾ കുറവുള്ളവയാണ്.

ഇദ്ദ പദ്ധതികൾക്ക് ജനറൽ ആയ പാരിസ്ഥിതിക സാമൂഹിക മാനേജ്മെന്റ് പ്ലാൻ മാത്രം മതിയാകും. ഇദ്ദ പ്രോജക്ടുകൾ പ്രത്യേകിച്ച് ആഘാതങ്ങൾ ഇല്ലാത്തവയാണ്. കൂടാതെ ഒരു പ്രോജക്ടിന് ഈ ഉപവിഭാഗങ്ങളിൽ ഒന്നിൽ കൂടുതൽ പെടുന്ന ആക്ടിവിറ്റികൾ ഉണ്ടെങ്കിൽ, മൊത്തത്തിൽ ഉപപ്രോജക്ടിന്റെ അവയിൽ വച്ച് ഏറ്റവും ഉയർന്ന വിഭാഗമായി കണക്കാക്കും. പ്രോജക്ട് ലൊക്കേഷനുകളുടെ മറ്റ് സംവേദനക്ഷമതകളും വർഗ്ഗീകരണത്തിനു പരിഗണിക്കും. ഉപപദ്ധതികളുടെ വിഭാഗം നിർണ്ണയിക്കാൻ സ്പെഷ്യലിസ്റ്റുകൾ മതിയായ അനുഭവവും വൈദഗ്ദ്ധ്യവും പ്രയോഗിക്കണം. കൂടാതെ കാടുകൾ കായലുകൾ, പൈതൃക മേഖലകൾ തുടങ്ങിയ സെൻസിറ്റീവ് സ്ഥലങ്ങളിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകൾ പ്രകൃതിക്കു യോജിക്കുന്ന വിധത്തിൽ പദ്ധതികൾ നടപ്പാക്കുവാനുള്ള എൻവയോൺമെന്റൽ കോഡ് ഓഫ് പ്രാക്ടീസ് എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

***ഉപപദ്ധതികളുടെ EIA/EMP എന്നിവയ്ക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ***

സബ് പ്രോജക്ട് EIA തയ്യാറാക്കാനും നിർമ്മാണത്തിന് മുമ്പുള്ള / ആസൂത്രണ ഘട്ടത്തിൽ നടപ്പാക്കലിനടയിലും, പ്രവർത്തന, പരിപാലന ഘട്ടങ്ങളിലും ഉപപദ്ധതി കളുടെ പാരിസ്ഥിതിക വശങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഇനിപ്പറയുന്ന രീതി യിൽ KSWMP യ്ക്കായുള്ള ESMF മാർഗ്ഗനിർദ്ദേശം നൽകുന്നു.

- പ്രോജക്റ്റ് സ്ക്രിനിംഗ്, ഇംപാക്റ്റ് അസസ്മെന്റ് നടപ്പാക്കലിനുള്ള സ്ഥാപന സംവിധാനം, കരാർ രേഖകളിലെ ഇ.എം.പി, നടപ്പാക്കലിന്റെയും റിപ്പോർട്ടിഗി ന്റെയും മേൽനോട്ടം എന്നിവ ഉൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സബ് പ്രൊജക്റ്റ് എൻവയോൺമെന്റൽ മാനേജ്മെന്റിന്റെ ഫലപ്രാപ്തി നിരീക്ഷിക്കു ന്നതിനുള്ള ഓഡിറ്റ് എന്നിവ ESMF-ൽ നൽകിയിട്ടുണ്ട്.
- പ്രോജക്റ്റ് വിശദാംശങ്ങൾ അന്തിമമാകുമ്പോൾ ഓരോ സ്ഥലത്തിനും നിർദ്ധി ഷ്ടമായ EIA കളും EMP കളും വികസിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗരേഖ യായി പ്രവർത്തിക്കുന്ന സൂചകമായ ഇ.എം.പികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഭൗതിക സാംസ്കാരിക വിഭവങ്ങൾക്കായുള്ള നടപടിക്രമങ്ങൾ, ലഘൂകരണ നടപടികൾ , കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം, എ.എം.പി കളിൽ ഉൾപ്പെടുത്തേണ്ടതാണ്.
- പ്രകൃതി വാസസ്ഥല പരിപാലന പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം.

- അപകട സാധ്യത കുറഞ്ഞതും, ആഘാതങ്ങൾ കുറഞ്ഞതും, താത്കാലികാലവും പഴയപടിയാക്കാവുന്നതും നല്ല രീതികളോടെ എളുപ്പത്തിൽ കൈകാര്യം ചെയ്യൽ ഉൾപ്പെടെയുള്ള ചില പ്രോജക്റ്റ് പ്രവർത്തനങ്ങളുടെ പാരിസ്ഥിതിക മാനേജ്മെന്റിനായുള്ള പരിശ്തിതി കോഡുകൾ.
- ആയവ പ്രവൃത്തി ആരംഭിക്കുമ്പോൾ തന്നെ EMP യിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനു അധിക മാർഗ്ഗനിർദ്ദേശമായി കോൺട്രാക്ടറുടെ EMP തയ്യറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

## *F) സാമൂഹിക മാനേജ്മെന്റ് ചട്ടക്കൂട്*

ഈ പദ്ധതി നഗരവാസികളുടെ മൊത്തത്തിലുള്ള ക്ഷേമത്തിലേയ്ക്കായിരിക്കുമെന്ന് ഇതിനായി സാമൂഹിക പഠനം വെളിപ്പെടുത്തുന്നു. സേവനദാതാക്കളെ മെച്ചപ്പെട്ട ഉപജീവന അവസരങ്ങളിലേയ്ക്ക് നയിക്കുകയും ജോലി സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യും. സ്രോതസ്സിൽ ഉൽപാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിന് ഉത്തരവാദിത്തപരമായ പെരുമാറ്റം പ്രോത്സാഹിപ്പിക്കുക. മാലിന്യങ്ങൾ കുറയ്ക്കുന്നതിനും വഴി തിരിച്ചു വിടുന്നതിനുമുള്ള വികേന്ദ്രീകൃത സമ്പ്രദായങ്ങളിലൂടെ കേന്ദ്രീകൃത സംവിധാനങ്ങൾക്കാവശ്യമായ ഭൂമി കുറയ്ക്കുക എന്നിവ പദ്ധതി ലക്ഷ്യമിടുന്നു.

നഗര/പ്രാദേശിക തലത്തിൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഭൂമി ആവശ്യമാണ്. തദ്ദേശവാസികൾക്ക് (ഗോത്രവർഗക്കാർ) വലിയ തോതിൽ പദ്ധതിയിൽ നിന്ന് പ്രയോജനം ലഭിക്കുന്നതാണ്. ഗോത്രവർഗ്ഗക്കാരെ ഈ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആദിവാസികളുടെ വാസസ്ഥലങ്ങൾക്കു സമീപമുള്ള സ്ഥലങ്ങൾ ഒഴിവാക്കുന്നതിനായി മാർഗനിർദേശം നൽകേണ്ടതുണ്ട്. ലോകബാങ്കിന്റെ പുനരധിവാസ പ്രവർത്തന നയം (4.12) ഈ പദ്ധതിക്ക് ബാധകമാണ്. നഗരജനസംഖ്യയുടെ 0.3% മാത്രമാണെങ്കിലും ആദിവാസി സമൂഹം അവരുടേതായ പരമ്പരാഗത സാംസ്കാരിക രീതികൾ പിന്തുടരുകയാണ്. അതിനാൽ ലോക ബാങ്കിന്റെ തദ്ദേശവാസികൾക്കായുള്ള പ്രവർത്തനനയം (4.10) ഈ പദ്ധതിക്ക് ബാധകമാണ്.

പ്രധാന സാമൂഹിക ആഘാതങ്ങൾ ഉണ്ടാകുന്നത് ചുവടെ ചേർക്കുന്ന രീതിയിലാണ്.

1. സ്ത്രീകളെയും ദുർബലരായവരെയും ഗോത്ര വർഗ സമുദായങ്ങളെയും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ നിന്ന് ഒഴിവാക്കുന്നത്
2. പദ്ധതിക്ക് സാമൂഹ്യ പങ്കാളിത്തത്തിലെ പോരായ്മ
3. ലിംഗാധിഷ്ഠിത ആക്രമത്തിന് എതിരെയുള്ള പ്രവർത്തനങ്ങളുടെ അഭാവം
4. ലിംഗാധിഷ്ഠിത അക്രമത്തിന് എതിരെയുള്ള പ്രവർത്തനങ്ങളുടെ അഭാവം സേവനങ്ങൾ ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം
5. മാലിന്യ നിർമ്മാർജ്ജനത്തിൽ ഏർപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയുടെ അഭാവം
6. തൊഴിൽ നിയമങ്ങളുടെ ദുർബലമായ നടപ്പാക്കൽ
7. പദ്ധതിയെക്കുറിച്ചുള്ള ഫലപ്രദമല്ലാത്ത ആശയവിനിമയം.
8. മാലിന്യ സംബന്ധമായ വിഷയങ്ങളിൽ ജനങ്ങളുടെ കാഴ്ചയിൽ മാറ്റം വരുത്താനുള്ള കഴിവില്ലായ്മ.
9. ലാൻഡ്ഫിൽ, മാലിന്യ നിർമാർജന സൈറ്റുകളുടെ അടുത്ത് താമസിക്കുന്നവരുടെ പ്രശ്നങ്ങൾ
10. മാലിന്യ സംസ്കരണത്തിനുവേണ്ടത്ര ഭൂമി ലഭ്യമല്ലാത്തത്
11. പദ്ധതിയിൽ ജനപങ്കാളിത്തവും പരാതി പരിഹാര സംവിധാനങ്ങളും ഉൾപ്പെടുന്നതിനുള്ള പോരായ്മ എന്നിവയാണ്. കോവിഡ് 19 സാമ്പത്തികം, ആരോഗ്യം, വിദ്യാഭ്യാസം, ഉപജീവനം എന്നിവയിലെ പ്രതിസന്ധി രൂക്ഷമാക്കുകയും ദുർബലരായവരെ കൂടുതൽ ദുർബലതയിലേക്കു നയിക്കുകയും ചെയ്യുന്നു.

ഈ പദ്ധതിക്കായി ഗോത്ര വികസന ചട്ടക്കൂട് സോഷ്യൽ മാനേജ്മെന്റ് ഫ്രെയിം വർക്ക് (ടിഡിഎഫ- എസ്എംഎഫ്), പുനരധിവാസ നയചട്ടക്കൂട് (ആർ.പി.എഫ്) എന്നിവ പ്രവർത്തന നയങ്ങൾ 4.12, 4.10 എന്നിവ പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച ദേശീയ സംസ്ഥാന നിയമങ്ങളും ഇതിനു ബാധകമാണ്.

### *ഗോത്ര വികസന ഫ്രെയിംവർക്ക് – സാമൂഹിക മാനേജ്മെന്റ് ഫ്രെയിം വർക്ക്*

1. സാമൂഹിക അപകട സാധ്യതകളും പ്രത്യാഘാതങ്ങളും തിരിച്ചറിയുന്നതിനുള്ള സ്ക്രീനിംഗ്
2. തിരിച്ചറിഞ്ഞ അപകട സാധ്യതകളെയും പ്രത്യാഘാതങ്ങളെയും അടിസ്ഥാനമാക്കിയുള്ള സാമൂഹിക ആഘാത വിലയിരുത്തൽ, എസ്.എം.പി./ടിഡിപി/ ആർ.എ.പി. തയ്യാറാക്കൽ. ഗോത്ര വർഗക്കാരുമായി മുൻകൂട്ടി അറിയിച്ചുള്ള കൺസൾട്ടേഷൻ നടപ്പിലാക്കുന്നതിനുള്ള വിശദാംശങ്ങൾ.

സാമൂഹിക സഹകരണത്തിനായുള്ള അവബോധം, സ്വഭാവമാറ്റം, ആശയ വിനിമയം, പങ്കാളിത്ത ആസൂത്രണം, നിരീക്ഷണം, പ്രാദേശിക ഭരണം ശക്തിപ്പെടുത്തൽ, ഉത്തരവാദിത്തം, സുതാര്യത, കാര്യക്ഷമമായ പരാതി കൈകാര്യം ചെയ്യൽ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ (1) ഗോത്ര വർഗ്ഗക്കാരുടെ അപകട സാധ്യതകൾ പരിഹരിക്കുന്നതിനുള്ള ഗോത്ര വികസന പദ്ധതി (2) ലിംഗപരമായ വിടവുകൾ നികത്തുന്നതിനും സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതിയും സൈറ്റുകളിലും സ്ഥാപനങ്ങളിലും ലൈംഗിക പീഡനം, ദുരുപയോഗം, ആക്രമം എന്നിവ തടയുന്നതിനും പ്രതികരിക്കുന്നതിനുമുള്ള ജി.ബി. കർമ്മ പദ്ധതി. (3) തൊഴിൽ സാഹചര്യങ്ങൾ, അവകാശങ്ങൾ, ക്ഷേമം, ആനുകൂല്യങ്ങൾ, അവസരങ്ങൾ, ഉപജീവന പുന:സ്ഥാപനം എന്നിയ്ക്കുള്ള ലേബർ മാനേജ്മെന്റ് പ്ലാൻ (എൽ.എം.പി) (5) യു.എൽ.ബി, ജില്ലാ സംസ്ഥാനതലങ്ങളിൽ ഫലപ്രദമായ സാമൂഹിക മാനേജ്മെന്റ് ഉറപ്പാക്കുന്നതിനുള്ള സ്ഥാപന സംവിധാനങ്ങൾ (6) അടിസ്ഥാന പദ്ധതികൾക്കായി നിക്ഷേപം തിരഞ്ഞെടുക്കുന്നതിനുള്ള സ്ക്രീനിംഗ് മാനദണ്ഡങ്ങളും ഉപ പദ്ധതികളുടെ ആസൂത്രണത്തിനും നടപ്പാക്കലിനുമുള്ള പ്രക്രിയയെ ഉൾക്കൊള്ളുന്ന സ്കീം സൈക്കിൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

ആർ.ആർ.എഫ് തികച്ചും സമഗ്രമാണ്.

(എ) പദ്ധതിയുടെ ഭൂമി ആവശ്യകത

(ബി) ഭൂമി ഏറ്റെടുക്കുന്നതിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ നിയമങ്ങളുടെ വിവരണം

(സി) ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും നേരിട്ടുള്ള വാങ്ങലിനും നിയമങ്ങൾക്ക് അധിഷ്ഠിതമായി ഉപയോഗിക്കുന്നതിനുമുള്ള ചട്ടക്കൂട്.

(ഡി) പരാതി പരിഹാര സംവിധാനം പരാതികൾ


(ഇ) ആർ.എ.പി. നടപ്പാക്കുന്നത് നിരീക്ഷിക്കുകയും വിലയിരുത്തകയും ചെയ്യുന്നതിനുള്ള ഉപാധികൾ

(എഫ്) ആർ.പി.എഫ് നടപ്പാക്കുന്നതിനുള്ള ബഡ്ജറ്റ്

**ജനങ്ങളുമായുള്ള ഇടപെടൽ** : പതിറ്റാണ്ടുകളുടെ വികേന്ദ്രീകൃത സമ്പ്രദായ ങ്ങളിലൂടെ സംസ്ഥാനം സ്വീകരിച്ച ജന കേന്ദ്രീകൃത സമീപനത്തെ അടിസ്ഥാനമാക്കിയാണ് ജനങ്ങളുമായി ഇടപെടുന്നതിനുള്ള പദ്ധതി

പദ്ധതിയുടെ ഓരോ ഘട്ടത്തിലും സേവനദാതാക്കളും മാലിന്യ ഉത്പാദകരും തമ്മിലുള്ള പങ്കാളിത്തത്തെ പ്രോജക്ട് പ്രോത്സാഹിപ്പിക്കും. പൊതു വെളിപ്പെടുത്തൽ, വിവര പ്രചരണം, പങ്കാളിത്ത ആസൂത്രണം, സോഷ്യൽ ആന്റ്


ബിഹേവിയർ ചെയ്ഞ്ച് കമ്മ്യൂണിക്കേഷൻ (എസ്.ബിസിസി) തന്ത്രം, ഉപയോക്തൃ സംതൃപ്തി സർവേ, ജി.ആർ.എം സോഷ്യൽ ഓഡിറ്റ് എന്നിവ ഇതിൽ ചിലതാണ്. ഇവയിലൂടെ പദ്ധതി ജനങ്ങൾക്ക് ശ്രമിക്കും. വാർഡ് മീറ്റിംഗുകൾ സുഗമമാക്കുക. വിവിധ പങ്കാളികളെ (പ്രത്യേകിച്ച് ദുർബലരായവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ പിന്തുണാ സംഘടനകൾ ഏർപ്പെടും. മീറ്റിംഗുകളുടെ മിനിറ്റ്, ഹാജർ, ദുർബല ഗ്രൂപ്പുകളുടെ പ്രാതിനിധ്യം (സ്ത്രീകൾ, ഐ.പി. അസംഘടിത തൊഴിലാളികൾ) വിവരങ്ങൾ പ്രദർശിപ്പിക്കുന്നതിനും വെളിപ്പെടുത്തുന്നതിനുമുള്ള തെളിവുകൾ, സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ എന്നിവ പൗരന്മാരുടെ ഇടപെടലിന്റെ ഫലപ്രാപ്തിയെ എടുത്തു കാണിക്കും. വാർഷിക ഉപഭോക്തൃ സർവേകളും ജി.ആർ എം റിപ്പോർട്ടുകളുടെ ത്രൈമാസ അവലോകനങ്ങളും പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ സഹായിക്കുകയും ഫീഡ് ബാക്ക് ട്രൂപ്പ് അടയ്ക്കാൻ സഹായിക്കുകയും ചെയ്യും.




*ചിത്രം ബി ജനങ്ങളുമായുള്ള ഇടപെടലിന്റെ വിവിധ ഘട്ടങ്ങൾ*

**സാമൂഹിക ഉൾപ്പെടുത്തൽ** : കേരളത്തിലെ നഗരപ്രദേശങ്ങൾ ദരിദ്രരും ചേരി നിവാസികളും, പട്ടികജാതിക്കാരും പട്ടിക വർഗക്കാരും, അന്തർസംസ്ഥാന കുടിയേറ്റക്കാർ, അസംഘടിത തൊഴിലാളികൾ, വൈകല്യമുള്ളവർ, പ്രായമായവർ പദ്ധതി ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കപ്പെടാൻ സാധ്യതയുള്ളവരാണ്.

കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലായി 4.7 ദശലക്ഷം ആളുകളിലേക്ക് എത്തിച്ചേരാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇവരിൽ 52% സ്ത്രീകളും 7% പട്ടികജാതിക്കാരും 0.5% പട്ടിക വർഗക്കാരും 14% ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുമാണ്.




*ചിത്രം സി ഒഴിവാക്കപ്പെടാൻ സാധ്യതയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾ*

പ്രോജക്ട്


വിവരങ്ങൾ അക്സസ് ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കൽ. ആസൂത്രണ പ്രക്രിയയിൽ നിന്ന് ഒഴിവാക്കുക.എസ്.ഡബ്ളിയുഎം സേവനങ്ങളിൽ നിന്ന് ഒഴിവാക്കുക. ഉപജീവന അവസരങ്ങൾ ഒഴിവാക്കുക, ജി.ആർ.എമ്മിൽ നിന്ന് ഒഴിവാക്കൽ എന്നിവക്കുള്ള സാധ്യത തള്ളിക്കളയാൻ ആവില്ല. ഈ പദ്ധതിയുടെ നടത്തിപ്പിൽ സാമൂഹിക ഉൾപ്പെടുത്തൽ പ്രക്രിയ എങ്ങനെ സാധ്യമാക്കാമെന്ന് എസ്.എം.എഫ് വിവരിക്കുന്നു.

**ലിംഗഭേദം** : സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, മൊബിലിറ്റി എന്നിവയിലെ ലിംഗഭേദം വളരെ കുറവാണിവിടെ. കേരളത്തിലെ സ്ത്രീകൾക്ക് മറ്റ് (രാജ്യങ്ങളെ അപേക്ഷിച്ച് സമൂഹത്തിൽ മികച്ച പദവി ആസ്വദിക്കുന്നത്) കൂടാതെ കുറഞ്ഞ വേതനം മാത്രമുള്ളതും വേതനമില്ലാത്തതും കൂടുതൽ സമയവും അധ്വാനവും വേണ്ടി വരുന്ന പല ജോലികളും സ്ത്രീകൾ ചെയ്തു പോരുന്നു. മാലിന്യ ശേഖരണം, തരംതിരിക്കൽ, വൃത്തിയാക്കൽ, വേർതിരിക്കൽ എന്നിവക്കായി സ്ത്രീകളെ പലപ്പോഴും പരിഗണിക്കുന്നു. പ്രാഥമികമായി മാലിന്യം ശേഖരിക്കുന്ന ഇവരാണ് മാലിന്യ ഉത്പാദകരും സംസ്കരിക്കുന്നവരും തമ്മിലുള്ള സമ്പർക്കത്തിന്റെ ആദ്യ ബിന്ദു. ഇവരെ ഒരു സംരംഭകരാക്കാനാണ് ഹരിതകേരളം മിഷനും കുടുംബശ്രീയും ശ്രമിക്കുന്നത്. എന്നാൽ നിരാലംബരായ സ്ത്രീകൾക്കിടയിൽ സുരക്ഷിതമല്ലാത്ത കുറഞ്ഞ വേതനം, മെക്കാനിക്കൽ ജോലികൾ, മാലിന്യ ജോലികളുമായി ബന്ധപ്പെട്ട ജാതി അടിസ്ഥാനമാക്കിയുള്ള കളങ്കം എന്നിവ പലപ്പോഴും അവരെ ജീവിതകാലം മുഴുവൻ ഈ വേഷങ്ങളിൽ കുടുക്കുന്നു. ഈ പദ്ധതി തൊഴിലവസരങ്ങൾക്കും വരുമാനമുണ്ടാക്കലിനുമുള്ള അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനൊപ്പം സമൂഹത്തിലും വീടുകളിലും സ്ത്രീകളുടെ പങ്കാളിത്തം, നേതൃത്വം, തീരുമാനമെടുക്കൽ എന്നിവക്കുള്ള ശേഷി വർദ്ധിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വനിതാ ജീവനക്കാർക്കും തൊഴിലാളികൾക്കും തുല്യമായ അവസരവും ആനുകൂല്യങ്ങളും ഈ പദ്ധതി ഉറപ്പാക്കും. മെച്ചപ്പെട്ട തൊഴിൽ നിബന്ധനകൾ, ജോലിസാഹചര്യങ്ങൾ, ലിംഗനീതി, സ്ത്രീകൾക്കുള്ള അതിക്രമങ്ങൾ (ജി.ബി.വി)ക്കുള്ള പ്രതികരണ സംവിധാനം.

ഇവ റിപ്പോർട്ടു ചെയ്യാനുള്ള ഉപാധികൾ : പരിശീലനം ലഭിച്ച സ്ത്രീകളുടെ എണ്ണം, ഉയർന്ന എസ്.ഡബ്ളിയു.എം മൂല്യ ശൃംഖല പ്രവർത്തനങ്ങളുമായും സംരംഭക പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം. വനിതകളുടെ വരുമാന വർദ്ധനവ് ഇതിനെ വേറെ ലംബങ്ങളിലേക്ക് പ്രവേശിക്കുന്ന എസ്.ഡബ്ല്യുഎം തൊഴിലാളികുളടെ എണ്ണം.

**ലിംഗാധിഷ്ടിത അക്രമം**

ലോകബാങ്ക് ജി.ബി.വി റിസ്ക് റേറ്റിംഗ് ഉപകരണം അനുസരിച്ച്. ഈ പദ്ധതി അപകട സാധ്യത കുറഞ്ഞ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും കേരളത്തിൽ സ്ത്രീകൾക്കെതിരായ എല്ലാത്തരം കുറ്റകൃത്യങ്ങളുടെയും ദശാബ്ദ വളർച്ച വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ബലാത്സംഗം, ഗാർഹിക പീഡനം, ഉപദ്രവിക്കൽ, കളിയാക്കൽ, കടത്തികൊണ്ടു പോകൽ, സ്ത്രീധന മരണം, കൊലപാതകം, ഭാര്യയെ മർദ്ദിക്കൽ, കുട്ടികളെ ദുരുപയോഗം ചെയ്യൽ, ഉപേക്ഷിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ജി.ബി.വി പരാതികളോട് പ്രതികരിക്കുന്നതിന്. കേരളം ഒന്നിലധികം സംവിധാനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഈ മേഖലയിലെ വെല്ലുവിളികൾ പിന്നെയും നിലനിൽക്കുന്നു. പരാതി സമിതി രൂപീകരണം. ഹോട്സ്പോട്ടുകളുടെ മാപ്പിംഗ്, നിലവിലുള്ള ജി.ബി.വി സേവനദാതാക്കളെ മാപ്പുചെയ്യൽ, ജി.ബി.വി അവബോധവും സംവേദനക്ഷമത പ്രോഗ്രാമുകളും സുഗമമാക്കുക. ജി.ബി.വി പ്രതികരണം വർദ്ധിപ്പിക്കൽ, പിന്തുണാ സംവിധാനങ്ങൾ എന്നിവ ജി.വി.ബി പ്രവർത്തന പദ്ധതിയിൽ ഉൾപ്പെടുന്നു.




*ചിത്രം ഡി ജി.ബി.വി പ്രതികരണ ചക്രം*


## *G*പാരിസ്ഥിതിക *സാമൂഹിക മാനേജ്മെന്റ് എന്നിവയ്ക്കുള്ള സ്ഥാപന ക്രമീകരണം*

കെ.എസ്.ഡബ്ളിയു.എം.പി.യുടെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ശുചിത്വ മിഷനാണ്. ഇത് നിലവിൽ വികേന്ദ്രീകൃത ഖരമാലിന്യ പരിപാലനത്തിനുള്ള സംസ്ഥാനത്തെ നോഡൽ ഏജൻസിയാണ്. ഇതിന് ജില്ലാ ഓഫീസുകളുണ്ട്. അത് ജില്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളായി (ഡി.പി.എം.യു) പ്രവർത്തിക്കും. ഓരോ ജില്ലയിലെയും യു.എൽ.ബി.ലെവൽ പ്രവർത്തനങ്ങൾ എസ്.പി.എം.യു അതിന് റെഡി പി.എം.യു വഴി ഏകോപിപ്പിക്കും.

എസ്.പി.എം.യുവിന് സംസ്ഥാനതല പരിസ്ഥിതി സൂമഹിക വികസന യൂണിറ്റും (എസ്.ഇ.എസ്.ഡി.യു) ഓരോ ഡി.പി.എം.യുവിനും ജില്ലാതല ഇ.എസ്.ഡി.യുകളും (ഡി.ഇ.എസ്.ഡിയു) ഉണ്ടായിരിക്കും. സാമൂഹിക മാനേജ്മെന്റ് നടപ്പിലാക്കുന്നതിന് പിന്തുണയ്ക്കുന്നതിന് ഒരു പരിസ്ഥിതി എഞ്ചിനീയർ, ഒരു സാമൂഹിക വികസന

സ്പെഷ്യലിസ്റ്റ്, ജെൻഡർ സ്പെഷ്യലിസ്റ്റ്, കമ്മ്യൂണിക്കേഷൻസ് സ്പെഷ്യലിസ്റ്റ് എന്നിവർ എസ്-ഇ.എസ്.ഡി.യു. വിൽ ഉണ്ടാകും. പ്രോഗ്രാമിന്റെ സുരക്ഷാ വശങ്ങളെക്കുറിച്ചുള്ള ബാങ്കുമായുള്ള ആശയവിനിമയത്തിന് കേന്ദ്ര ബിന്ദു എസ്.പി.എം.യു. ശുചിത്വ മിഷൻ ആയിരിക്കും.

ഡി.ഇ.എസ്. ഡി.യുവിന് ഒരു പരിസ്ഥിതി എഞ്ചിനീയറും ഒരു സാമൂഹിക വികസന കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റും ഉണ്ടാകും. പദ്ധതി നടത്തിപ്പിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിനെ സഹായിക്കാൻ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ അപ്പോയ്മെന്റ് ചെയ്യും. മുനിസിപ്പാലിറ്റികളിൽ യു.എൽ.ബി. എഞ്ചിനീയർമാർ, ഹെൽത്ത് ഓഫീസർ, ടൗൺപ്ലാനിംഗ്/ മറ്റ് ഓഫീസർമാർ പരിസ്ഥിതി എഞ്ചിനീയർ എന്നിവരുമായി ചേർന്ന് ഒരു പ്രോജക്ട് ഇംപ്ളിമെന്റേഷൻ യൂണിറ്റ് (പി.ഐ.യു) രൂപീകരിക്കും. ഇത് കൂടാതെ ടെക്നിക്കൽസ് സപ്പോർട്ട് കൺസൾട്ടന്റും സപ്പോർട്ട് ഓർഗനൈസേഷനും നഗരസഭകളിൽ ഈ പദ്ധതിക്കായി നിലവിൽ വരുന്ന പി.ഐ.യു വിനെ സഹായിക്കും.




**LEGEND**

| | | | |
|---|---|---|---|
| LSGD | Local Self Government Department, Government of Kerala | DPC | District Planning Committee |
| ULB | Urban Local Body | DPMU | District Project Management Unit |
| PIU | Project Implementing Agency | DPMC | District Project Management Consultant |
| SPMU | State Project Management Unit | DESDU | District Environmental and Social Development Unit |
| SPMC | State Project Management Consultant | BMC | Biodiversity Management Committee |
| SESDU | State Environmental and Social Development Unit | KSIDC | Kerala State Industrial Development Corporation |
| SGIMS | Safeguards Information Management System | KSBB | Kerala State Biodiversity Board |
| TSC | Technical Support Consultants | CKC | Clean Kerala Company |
| NGO | Non-Governmental Organisation | KSPCB | Kerala State Pollution Control Board |

*ചിത്രം ഇ KSWMP മാനദണ്ഡങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥാപന ഫ്രെയിംവർക്ക്*

ഉപപദ്ധതികളുടെ സ്ക്രീനിങ്ങിനും പദ്ധതി രൂപ രേഖയുണ്ടാക്കാനും പൊതു കൺസൾട്ടേഷൻ ചെയ്യാനും ടെക്നിക്കൽ കൺസൾട്ടന്റും സപ്പോർട്ട് ഓർഗസൈസേഷനുംസഹായിക്കും. കൂടാതെ ദുർബല പ്രദേശങ്ങളുടെ അടുത്തുള്ള സ്ഥലങ്ങൾ പദ്ധതിയിൽ ഉൾപ്പെടുകയാണെങ്കിൽ ഓരോ മുനിസിപ്പാലിറ്റിയിൽ ബയോഡൈവേഴ്സിറ്റി കമ്മിറ്റിയും സ്ക്രീനിങ്ങിനും മറ്റു പരിശോധനകളിലും പങ്കെടുക്കും. പ്രാദേശിക തലത്തിലുള്ള പദ്ധതികൾ സംസ്ഥാനത്തെ മറ്റു ഏജൻസികളും ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ചു നടപ്പിലാക്കും. ഇവയ്ക്കും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് സപ്പോർട്ട് ഓർഗനൈസേഷൻ മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണം ഉണ്ടാകും. ഇത്തെലാം ഈ ചട്ടക്കൂടിൽ വിശദമായി വിവരിക്കുന്നുണ്ട്.

## *H) ശേഷി വികസനം*

ഈ പദ്ധതി നടപ്പിലാക്കുന്ന വിവിധ ഏജൻസികളുടെ ശേഷി വർദ്ധിപ്പിക്കൽ, വാർഷിക സംവേദന ക്ഷമത പ്രോഗ്രാമുകൾ, വർക്ക്ഷോപ്പുകൾ, പരിശീലനം/ ശേഷി വർദ്ധിപ്പിക്കൽ, പരിശീലന സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ച് എക്സ്പോഷർ സന്ദർശനങ്ങൾ ക്രോസ് ലേണിംഗ് ഇവന്റുകൾ/ വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കും.

ലോകബാങ്ക് പ്രോജക്ട് ടാസ്ക് ടീം, പ്രത്യേകിച്ചും പരിസ്ഥിതി , സാമൂഹിക വിദഗ്ധർ, സ്ക്രീനിംഗ് നടത്തുന്നതിനെയും പാരിസ്ഥിതിക സാമൂഹിക പഠനങ്ങൾ തയ്യാറാക്കുന്നതും അവലോകനം ചെയ്യുകയും മാർഗ നിർദ്ദേശം നൽകുകയും ചെയ്യും. കൂടാതെ വിവിധ ഏജൻസികളിലെ വിദഗ്ധർക്ക് പരിശീലനം നൽകുകയും ചെയ്യും ഇതിനായി അഞ്ച് വർഷത്തേക്കായി ഈ പദ്ധതിയിൽ ബഡ്ജറ്റ് വെച്ചിട്ടുണ്ട്.

## *I) മേൽ നോട്ടവും റിപ്പോർട്ടിംഗും*

പാരിസ്ഥിതിക സാമൂഹിക വശങ്ങൾ നിരീക്ഷിക്കാനും റിപ്പോർട്ട് ചെയ്യാനുമായി ഒരു ബൃഹത്തായ സ്ഫെഗുർഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കും. ഇത് നിർവഹണ ഏജൻസികൾ ദിവസേന അപ്ഡേറ്റ് ചെയ്യുകയും എസ്.ഇ.എസ്.ഡി.യു നിരന്തരം നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും ചെയ്യും. ഇ 2, ഇ 3 പ്രോജക്ടുകളും ഫലപ്രദമായി ട്രാക്കു ചെയ്യുന്നതിന് ഓരോ പാദത്തിലും റിപ്പോർട്ടും ബാങ്കിലേക്ക് അയയ്ക്കും. പരിസ്ഥിതി, സാമൂഹിക ഉൾപ്പെടുത്തൽ, പൗരന്മാരുടെ ഇടപെടൽ, പെരുമാറ്റമാറ്റം, എന്റർപ്രൈസ് വികസനം, ആവശ്യമായ ഭൂമി, ദുർബലരുടെ ഉപജീവനമാർഗം, തൊഴിൽ പാലിക്കൽ, ജി.ബി.വി, ജിആർഎംഎന്നിവ മോണിറ്ററിങ്ങ് സൂചികകളിൽ ഉൾപ്പെടും. തീമാറ്റിക് മോണിറ്ററിംഗ്, വാർഷിക പരിസ്ഥിതി ഓഡിറ്റ്, സോഷ്യൽ ഓഡിറ്റ്

എന്നിവ നടത്തും. സബ്പ്രോജക്റ്റ് സ്കീം സൈക്കിളിന്റെ നടപ്പാക്കൽ ട്രാക്കു ചെയ്യുന്നതിന് ഒരു ഐ.സിടി. ഉപകരണം വികസിപ്പിക്കും. കോവിഡ് പോലുള്ള അടിയന്തിര സാഹചര്യങ്ങളിൽ പോലും ഇത് വിദൂര നിരീക്ഷണം പ്രാപ്തമാക്കും. എല്ലാ ഇ1 പ്രോജക്ടുകൾക്കും സാമ്പളിഇ 2, ഇ 3 പ്രോജക്ടുകൾക്കുമായി വാരഷിക പരിസ്തിതി സാമൂഹിക ഓഡിറ്റ് നടത്തും.

## *J) സബ്പ്രോജക്ട് തയ്യറാക്കലുംനടപ്പാക്കലും കൺസൾട്ടേഷനും*

ഉപ പ്രോജക്ട് തയ്യാറാക്കലും നടപ്പാക്കലും ചെയ്യുമ്പോൾ പ്രാഥമിക ഗുണഭോക്താക്കൾക്കും പങ്കാളികൾക്കും പുറമേ പ്രാദേശിക ബോഡികൾ, എൻ.ജി.ഒ.കൾ, പൊതുജനങ്ങൾ എന്നിവരുമായി കൂടിയാലോചിക്കുകയും പരിസ്ഥിതി, സാമൂഹിക വശങ്ങളെക്കുറിച്ചുള്ള അവരുടെ അഭിപ്രായം ചർച്ച ചെയ്യുകയും ഉചിതമായി പരിഗണിക്കുകയും ചെയ്യും. ഉപ പ്രോജക്ട് ഡിസൈൻ ഘട്ടത്തിൽ പ്രോജക്ട് സൈറ്റിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ദ്വിവാർഷിക കൺസൾട്ടേഷൻ മീറ്റിംഗുകളും സംഘടിപ്പിക്കും. പങ്കെടുക്കുന്ന വകുപ്പുകളുമായും മറ്റ് പങ്കാളികളുമായും സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻ വർക്ക്ഷോപ്പുകൾ നടത്തും. PEA, SPMUപ്രോജക്ട് മോണിറ്ററിംഗ്, പ്രോഗ്രസ് റിപ്പോർട്ടുകൾ കളുടെ വെബ്സൈറ്റുകളിലും ഓൺലൈനിൽ ലഭ്യമാക്കണം.

## *K) പരാതി പരിഹാരത്തിനുളള സംവിധാനങ്ങൾ*

കേരളസർക്കാർ വിവിധ തലങ്ങളിലുള്ള പരാതി പരിഹാര സംവിധാനങ്ങൾ വാഗ്ദാം ചെയ്യുന്നു. പ്രാദേശിക തലം, സംസ്ഥാനതലം, മുഖാമുഖം, ടെലിഫോണിക്, ഓൺലൈൻ പരാതി രജിസ്ട്രേഷൻ എന്നിവയാണിത്. (1) മുഖ്യമന്ത്രിയുടെ പൊതു പരാതി പരിഹാര സെൽ ജനങ്ങളിൽ നിന്ന് നിവേദനങ്ങൾ സ്വീകരിക്കുന്നു. (2) ഓൺലൈൻ പരാതികൾ സമർപ്പിക്കുന്നതിന് പ്രാദേശിക സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റ് സന്ദർശിക്കാം (https://pglsgd.kerala.ogv.in/) (3) സിറ്റിസൺസ് കോൾ സെന്റർ (സിസിസി) എല്ലാ സർക്കാർ സേവനങ്ങൾക്കും ഉപഭോക്തൃ ടോൾ ഫ്രീ ഹെൽപ്പലൈൻ (4) യു.എൽ.ബി. വെബ്സൈറ്റുകൾക്കും നിരവധി ഓപ്ഷനുകൾ ഉള്ള ഒരു പരാതി ഐക്കൺ ഉണ്ട് എങ്കിലും ശുചിത്വത്തിനായി ഒരു ഓപ്ഷൻ കാണുന്നില്ല. ലഭ്യമായ സംവിധാനങ്ങളെക്കുറിച്ച് പൗരന്മാർക്ക് അറിയില്ലെന്നും മാലിന്യ നിർമാർജ്ജനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരാതികൾ സമർപ്പിക്കാൻ അവർ വാർഡ് കൗൺസിലറെയോ മുനിസിപ്പൽ ഓഫീസിനെയോ സമീപിക്കുന്നുവെന്നും ഞങ്ങളുടെ വിലയിരുത്തൽ സൂചിപ്പിക്കുന്നു. ഈ ശക്തിപ്പെടുത്തേണ്ടതുണ്ട്. സ്റതീകൾക്കും ദുർബലരായ ഗ്രൂപ്പുകൾക്കും ഉൾപ്പെടെ എല്ലാവർക്കും പരാതി സമർപ്പിക്കുവാൻ ഒരു ടോൾ ഫ്രീ നമ്പർ സജ്ജമാക്കും. പാരിസ്ഥിതിക

സുരക്ഷയുമായി ബന്ധപ്പെട്ട പരാതികൾ, തൊഴിൽ സംബന്ധമായ പരാതികൾ, ലിംഗാധിഷ്ഠിത അക്രമ കേസുകൾ എന്നിവയ്ക്കുള്ള പ്രതികരണ സംവിധാനം പദ്ധതിയിൽ നിർബന്ധമാണ്. നിലവിലുള്ള സിസ്റ്റങ്ങൾ അവലോകനം ചെയ്യുക, ശക്തിപ്പെടുത്തുക, വർദ്ധിപ്പിക്കുക എന്നിവയാണ് ഇവിടെ മുൻഗണന.എല്ലാ പരാതികളും ഡിജിറ്റലായി രേഖപ്പെടുത്തുന്നതിലൂടെ അവ ട്രാക്കു ചെയ്യാനാകും. രജിസ്റ്റർ ചെയ്ത പരാതികളിൽ 80 ശതമാനവും 30 ദിവസത്തിനുള്ളിൽ പരിഹരിക്കും.




*ചിത്രം എഫ് പരാതി പരിഹാരത്തിനുള്ള സംവിധാന ക്രമം*

ലോകബാങ്ക് പിന്തുണയുള്ള ഈ പദ്ധതി തങ്ങളെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് വിശ്വസിക്കുന്ന കമ്മ്യൂണിറ്റികൾക്കും വ്യക്തികൾക്കും നിലവിലുള്ള പ്രോജക്ട് ലെവൽ പരാതി പരിഹാര സംവിധാനങ്ങൾ അല്ലെങ്കിൽ ലോക ബാങ്കിന്റെ പരാതി പരിഹാര സേവനത്തിൽ (ജി.ആർ.എസ്) പരാതികൾ

സമർപ്പിക്കാം.പ്രോജക്ടുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിന് ലഭിച്ച പരാതികൾ ഉടനടി അവലോകനം ചെയ്യുമെന്ന് ജിആർഎസ് ഉറപ്പാക്കുന്നു. പ്രോജക്ട് ബാധിത കമ്മ്യൂണിറ്റികൾക്കും വ്യക്തികൾക്കും ലോക ബാങ്കിൻരെ സ്വതന്ത്ര പരിശോധന പാനലിൽ പരാതി സമർപ്പിക്കാം. ലോക ബാങ്കിന്റെ കോർപ്പറേറ്റ് പരാതി പരിഹാര സേവനത്തിലേക്ക് (ജി ആർഎസ്) പരാതികൾ എങ്ങനെ സമർപ്പിക്കാം എന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, ദയവായി http://www.worldbank.org/en/projects/productsand-services/grievance-redress-service സന്ദർശിക്കുക. ലോക ബാങ്ക് പരിശോധന പാനലിൽ പരാതികൾ എങ്ങനെ സമർപ്പിക്കാം എന്നതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് ദയവായി www.inspectpanel.org സന്ദർശിക്കുക.

### *L) എൽ ഈ ഇ എസ് എം എഫിനെ കൺസൾട്ടേഷനും വെളിപ്പെടുത്തലും*

ഈ പദ്ധതിയുടെ വിവിധങ്ങളായ പാരിസ്ഥിതിക സാമൂഹിക വശങ്ങളെക്കുറിച്ചു പഠിക്കാനും ചർച്ചചെയ്യാനുമായി പഠനങ്ങളും കൺസൾറ്റേഷനുകളും 2019 സെപ്തംബർ തൊട്ടു 2020 ഫ്രെബ്രുവരി വരെയുള്ള കാലയളവിൽ നടത്തുകയുണ്ടായി .സാംപിൾ നഗരങ്ങളിൽ മാലിന്യ നിർമാർജ്ജനത്തിന് വിവിധ വശങ്ങളെക്കുറിച്ചും മാലിന്യ ഡമ്പിംഗ് യാർഡുകളിലും മറ്റുമുള്ള പഠനങ്ങളും തദ്ദേശവാസികളുമായും നഗരസഭകളും വിവധ അജൻസികളുമായും സംവാദങ്ങൾ നടത്തുകയും ഉണ്ടായി.

ഈ  പാരിസ്ഥിതിക സാമൂഹിക ചട്ടക്കൂട് വിവരിക്കാനും ഇതിന്റെ വിവിധവശങ്ങൾ ചർച്ച ചെയ്യാനും ഒരു സംസ്ഥാന തല കൺസൾട്ടേഷൻ ഫെബ്രുവരി 2020 നു തിരുവനന്തപുരത്തു നടത്തുകയുണ്ടായി. covid 19 മൂലമുള്ള ലോക്ക് ഡൗൺ കഴിഞ്ഞു ഈ റിപ്പോർട്ടിൽ പ്രാദേശികതലത്തിൽ ഒരു കൺസൾട്ടേഷനുകൾ നടത്തുന്നതായിരിക്കും . അതിൽ ചർച്ച ചെയ്യുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഈ റിപ്പോർട്ടിനു അന്തിമ രൂപം കൊടുക്കുന്നതായിരിക്കും . അതിനുശേഷം ഇത് ഇംഗ്ലീഷിലും മലയാളത്തിലും ശുചിത്വ മിഷന്റെയും വേൾഡ് ബാങ്കിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തും.

### *M) ഇ.എസ്.എം.എഫ് പ്രകടന സൂചകങ്ങൾ*

ഇഎസ്എംഎഫ് വിജയകരമായി നടപ്പിലാക്കുന്നതിനായി നിരീക്ഷിക്കേണ്ട പ്രധാന പ്രകടന സൂചകങ്ങൾ ഇനുപ്പറയുന്നവാണ്.

- സമയ ബന്ധിതമായി ഇതിന്റെ പഠനങ്ങളും മാനേജ്മെന്റ് പ്ലാനുകൾ മറ്റ് ഉപകരണങ്ങൾ എന്നിവ തയ്യാറാക്കലും നടപ്പാക്കലും
- നിർമ്മാണഘട്ടത്തിലെ അപകടങ്ങളുടെ എണ്ണം
- ഓരോ പദ്ധതിയുടെയും അനുമതികളും മറ്റും ഉറപ്പുവരുത്തി എന്ന കണക്കകൾ
- പങ്കാളിത്ത പ്രക്രിയകളുടെ ഉൾപ്പെടുത്തലും സ്ഥാപനവൽക്കരണവും ഉറപ്പാക്കുന്നതിന് ടിഡിപിഎസ്എംപി നടപ്പാക്കൽ
- ഈ പദ്ധതിയുടെ ആനുകൂല്യങ്ങളും സേവനങ്ങളും ലഭിക്കുകയും ചെയ്യുന്ന ആദിവാസി, മറ്റ് ദുർബലഗ്രൂപ്പുകളുടെ എണ്ണം.
- ഈ പദ്ധതിയിൽ ജോലി ചെയ്യുന്നതും പ്രയോജനം നേടുന്നതുമായ സ്ത്രീകളുടെ എണ്ണം

- രജിസ്ട്രേഷൻ നടത്തി 30 ദിവസത്തിനുള്ളിൽ 80% പരാതികൾ പരിഹരിച്ചു എന്ന കണക്ക്
- സിവിൽ വർക്കുകൾ ആരംഭിക്കുന്നതിനുമുമ്പ് ആർ എപി നടപ്പിലാക്കൽ
- മെച്ചപ്പെട്ട സേവനവിതരണത്തിൽ 80% കമ്മ്യൂണിറ്റിയും സംതൃപ്തരാണ് എന്ന കണക്ക്

## *N. ഉപസംഹാരം*

കെഎസ്ഡബ്ല്യൂഎംപിക്കായുള്ള ഈഇഎസ്എംഎഫ് പ്രമാണം രണ്ട് വാല്യങ്ങളായി അവതരിപ്പിച്ചിരിക്കുന്നു. പാരിസ്ഥിതികവശങ്ങൾ കൈകാര്യം ചെയ്യുന്നതിനും പദ്ധതിയുടെ എല്ലാ ഘടകങ്ങൾക്കും മാനേജ്മെന്റ് പരിരക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശരേഖയായി ഇതുവർത്തിക്കും. മാറുന്ന പദ്ധതി ആവശ്യങ്ങൾ നിയമങ്ങൾ എന്നിവക്കനുസൃതമായി ഇത് ആവശ്യാനുസരണം പുതുക്കി ഉപയോഗിക്കാം. അങ്ങനെ ചെയ്യുമ്പോൾ ലോക ബാങ്കിന്റെ കൂടെ അറിവോടെയും സമ്മതത്തോടെയും അതിന്റെ അംഗീകൃത ചട്ടങ്ങൾ അനുസരിച്ചും ഇത് പുതുക്കുകയും വെളിപ്പെടുകയും ചെയ്യേണ്ടതാണ്.